
# GHS PAZHAYANNUR




*LITTLE KITES MAGAZINE*
*2018 -19*



പത്മ എൻ
എസ് ഐ ടി സി



റോസ്മേരി പോൾ
കൈറ്റ് മിസ്ട്രസ്സ്



ബിജിഡേവിസ് പി
കൈറ്റ് മിസ്ട്രസ്സ്

# താളുകൾ മറിയ്ക്കുമ്പോൾ


അധ്യാപകൻ ........................................................ 1

വനങ്ങളുടെ മഹത്വം.............................................. 2

മലയാളം ........................................................... 3

കലാമിനെ അറിയാം........................................... 4

മഴ ................................................................. 5

സ്നേഹം .......................................................... 6

മനുഷ്യൻ മൂന്ന തരക്കാർ .................................. 7

Mathematics ............................................. 8

മൊബൈലും ആധുനീക സമൂഹവും.................. 9

വാർദ്ധക്യം വന്നാൽ .................................... 11

വിട ........................................................ 12

ഭൂമി ........................................................ 13

Koel....................................................... 14

Mistakes ............................................... 15

*My mother ............................................ 16*

*പൈങ്കിളിയോട് ..................................... 17*

*Quotes ................................................. 18*

*Tongue twisters .................................. 19*

*തേന്മാവ് ............................................ 20*

*Rain ................................................. 21*

*Materiality ....................................... 22*

# അദ്ധ്യാപകൻ

അരികിൽ വിളിച്ചെന്നോടാകാശമാണു നിൻ
അതിരെന്നു ചൊല്ലിയോർ അദ്ധ്യാപകൻ


അന്ധകാരത്തിൽ കാർമേഘപാളിയിൽ
വെട്ടം നിറച്ചവർ അദ്ധ്യാപകൻ

ആദ്യാക്ഷരം കൊണ്ട് അറിവിൻ കവാടങ്ങൾ
മെല്ലെ തുറന്നവൻ അദ്ധ്യാപകൻ ,

കൂട്ടിക്കിഴിച്ചും കടംകൊടുത്തും
ഗണിതലോകം
പണിതവർഅദ്ധ്യാപകൻ,

പള്ളിക്കൂടത്തിൽ പടികടക്കുന്നതും നോക്കി
കണ്ണീർ ഒഴുക്കിയോർ അദ്ധ്യാപകൻ

faiza hannath
6.c



# വനങ്ങളുടെ മഹത്വം

വനം പ്രകൃതിയുടെ വരദാനമാണ്.ഇതിനാൽ പ്രകൃതിയിൽ തുലനാവസ്ഥ നിലനിൽക്കുന്നു.നാടിന്റെ ധനസ്ഥിതി നിലനിർത്തുവാനും വനം ആവശ്യമാണ്. ജീവികളുടെ വാസസ്ഥലമാണ് വനം. നാടിന്റെ സുരക്ഷയ്ക്കും സമൃദ്ധിക്കും വികസനത്തിനും വനങ്ങൾക്ക് വലിയ പങ്കുണ്ട്. ഭാരത സംസ്കാരത്തിൽ മരങ്ങൾക്ക് മഹനീയസ്ഥാനമുണ്ട്. ഇതിനാൽ മരങ്ങൾ നടുന്നതിലും മരങ്ങളെ പൂജിക്കുന്നതിലും ഭാരതീയർ ശ്രദ്ധിച്ചിരുന്നു. ഇന്ന് നമ്മൾ വനങ്ങളെ സംബന്ധിച്ച് അശ്രദ്ധയുള്ളവരാണ്.

വനം അന്തരീക്ഷത്തെ ശുദ്ധവും തുല്യവും ആക്കുന്നതിൽ സഹായിക്കുന്നു. അത് ആളുകൾക്ക് തൊഴിലും സാധനങ്ങളും നൽകുന്നു. ഇത് കാലാവസ്ഥയിൽ സ്വാധീനം ചെലുത്തുന്നു. ഭൂഗർഭജലത്തിന്റെസ്രോതസ്സാവണം. ഭാരതത്തിന്റെജനസംഖ്യനിരന്തരംവർദ്ധിച്ചുകൊണ്ടേയിരിക്കുന്നുതാമസസ്ഥലം ഒരുക്കുന്നതിനുവേണ്ടിയുംഗതാഗത സൗകര്യം ഒരുക്കുവാൻ വേണ്ടിയും വനങ്ങളെ നശിപ്പിക്കുന്നു. വന സംരക്ഷണത്തിന് പ്രത്യേക സ്ഥാനം നൽകണം ഓരോ വ്യക്തിയും ഓരോ മരം നടുവാനും അത് സംരക്ഷിക്കുവാനും ശ്രമിക്കണം.

Muhammed ashik

*8 F*

മലയാളം

തുഞ്ചൻതൻ  തിരുനാരായത്തിൽ
തുഞ്ചത്തായൂഞ്ഞാലാടി
കൊഞ്ചും കിളിമകൾ  പാടി വളർത്തിയ
മഞ്ജുതരമൊഴി  മലയാളം

അമ്മിഞ്ഞപ്പാൽത്തുള്ളികളായി
നമ്മിലലിഞ്ഞു മലയാളം
അമ്മയുറക്കാൻ പാടിയ പാട്ടിലെ
അൻപാണല്ലോ മലയാളം

മാമ്പവിൻ  മണമോലും നമ്മുടെ
നന്മൊഴി നറുമൊഴി മലയാളം
ഇളനീർമധുരം കിനിയും നമ്മുടെ
ഹൃദയത്തിരുമൊഴി മലയാളം

ഈറക്കുഴലുമുടുക്കുമിടയ്ക്കയും
ഈണം പകരും മലയാളം
പുതിയൊരു ലോകം കിനാവുകണ്ടുൾ
ത്തുടികൊട്ടും മൊഴി മലയാളം

# കലാമിനെ അറിയാം

രാമേശ്വരത്തെ തെരുവുകളിലൂടെ പത്രം വിറ്റ് നടന്ന കലാം എന്ന ഒരു പയ്യൻ പിന്നീട് ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെ തന്നെ പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനായി മാറി. പിന്നീട് ജനങ്ങളുടെ മനസ്സിൽ മരണശേഷവും ജീവിക്കുന്ന നന്മയുള്ള ഒരു രാഷ്ട്രപതിയാവുകയും ചെയ്തു. തന്റെ ലക്ഷ്യത്തിൽ എത്തും വരെ പ്രവർത്തിക്കുക എന്ന ഇദ്ദേഹത്തിന്റെ സ്വഭാവം എല്ലാമനുഷ്യർക്കും മാതൃകയാക്കാവുന്നതാണ്. നന്മയും നല്ല പെരുമാറ്റവും വിനയവും എപ്പോഴും ചിരിക്കുന്ന മുഖവും ജനങ്ങളെ ഏറെ സ്വാധീനിക്കുകയും ജനങ്ങളുടെ മനസ്സിൽ അദ്ദേഹത്തിന് ഇടം നേടി കൊടുക്കുകയും ചെയ്തു.

വിദ്യാർത്ഥികളുമായി സംസാരിക്കാനും അവരുടെ ചോദ്യത്തിന് ഉത്തരം പറഞ്ഞ് പ്രോത്സാഹിപ്പിക്കുവാനും ഏറെ ഇഷ്ടപ്പെട്ട ഇദ്ദേഹത്തിന്റെ ജന്മദിനം വിദ്യാർത്ഥിദിനമായി ആചരിക്കാൻ തുടങ്ങി. രാഷ്ട്രപതി പഥത്തിലിരിക്കുമ്പോൾ 1 രൂപമാത്രം ശമ്പള വാങ്ങിയ ഇദ്ദേഹം 2015 ജൂൺ 27-ന് നമ്മളെയും ഈ ലോകത്തേയും വിട്ടുപിരിഞ്ഞു.

# മഴ

മഴ പ്രകൃതിയുടെ ഒഴിച്ചുകൂടാനാവാത്ത ഒരു സൗന്ദര്യമാണെന്നായിരുന്നു ഞാനും കരുതി യിരുന്നത്.പിന്നീടാണ് ആ ധാരണ തെറ്റാണെന്ന് ബോധ്യമായത്.മഴയെ ഇഷ്ടമല്ലാത്തവരായി അധികം ആരും തന്നെയുണ്ടാവാറില്ല. എന്നാൽ ഈ വർഷം അത് പലരും മാറ്റിപ്പറഞ്ഞേക്കാം കാരണം ആരും അറിയാതെവന്ന് ആരും അറിയാതെ തന്നെ കണ്ണീർ മാത്രം ബാക്കിയാക്കിപ്പോയ മഴയെ ഇനി എല്ലാവരും ഓർമ്മിക്കും. കേരളത്തിൽ മഴ ഈ വർഷം സമ്മാനിച്ചത് വലിയ ദുരന്തമാണ്.വീടുകൾ നഷ്ടപ്പെട്ട് മഴയിൽ നിന്നും വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെടാൻദുരിതാശ്വാസക്ക്യാമ്പുകളിലേയ്ക്ക്എ ത്തിച്ചേർന്ന എത്രയെത്ര ആളുകൾ. അങ്ങനെ ഇക്കൊല്ലം ഓണം വെള്ളത്തിലായിരുന്നു. എന്റെ വീടിന്റെയും ഏകദേശം അടുത്തുവരെ വെള്ളം കയറി. മഴ സമ്മാനിച്ച ഈ വെള്ളപ്പൊക്കം ഒരിക്കലും ആർക്കും മറക്കാനാവില്ല.എന്തിനാണ് മഴയെ പഴിക്കുന്നത്. എല്ലാം വരുത്തിവെച്ചത് നമ്മൾ മനുഷ്യർ തന്നെയല്ലേ. സത്യത്തിൽ മഴ ദൈവത്തിന്റെ സമ്മാനവും ഒരു ആയുധവുമാണ്.

Smriti K M

9 E

# സ്നേഹം

ഓർമ്മ തൻ വീഥിയാൽ നിത്യവും
ഓർമ്മനീക്കാനുള്ള സൃഷ്ടിയാണെൻ
സ്നേഹം
എപ്പോഴും എൻ ആകാശ വീഥിയിൽ
എത്തുന്നവർക്കല്ലാം
നിവേദ്യമാകുന്നെൻ സ്നേഹം
ആനന്ദമാരിവിൽ കാണുന്ന നേരത്തു
ആവുന്ന നൃത്തം ചവിട്ടുന്ന സ്നേഹം.
സൗഹൃദത്തിൻ ഓർമ പുക്കുമ്പോൾ എൻ
കൺനിറയുന്ന ശക്തിയാണെൻ സ്നേഹം.
പൊക്കിൾ കൊടി മുതൽ കൂട്ടുണ്ടാകുന്ന
സ്നേഹത്തിൻ ഉദാഹരണെൻ ജനനി
സ്നേഹത്തിൻ കുസൃതിയാടുന്ന
സഹോദര്യമാണെൻ സ്നേഹം
എൻ കൺനിറഞ്ഞൊഴുക്കുന്ന
അവളോടുള്ള സ്നേഹം.
മരണമെൻ കൺമുന്നിൽ നില്ക്കുമ്പോൾ
പതറാതെ നിൽക്കുന്നതാണ്
ജീവിതത്തോടുള്ള എൻ സ്നേഹം.

Shehamol
10G

# മനുഷ്യർ മൂന്നുതരക്കാർ

മനുഷ്യർ പൊതുവേ മൂന്നു തരക്കാരാണ്

കിണർ പോലെ......

കുളം പോലെ......

പുഴ പോലെ .....

കിണർ നിറയുന്നതും കോരുന്നതും ഏതാനും പേർക്ക് വേണ്ടി മാത്രമാണ്. ഒരുപക്ഷേ അടുത്ത വീട്ടുകാരനോട് പോലും കിണർ ഒന്നും'സംവദിക്കുന്നില്ല' .

കുളം കുറച്ചു കൂടി വിശാലമാണ്പലർക്കും വരാം, കുളിക്കാം, നനക്കാം, എടുത്തു ചാടാം, മുങ്ങാം കുഴിയിടാം അഴുക്കും മെഴുക്കും ഒഴുക്കാം നീന്തിതുടിക്കാം ചിലരിൽ മാത്രം ഒതുങ്ങാതെ നിറഞ്ഞ സംതൃപ്തിയോടെയാണ് കുളത്തിന്റെ കിടപ്പ്

പുഴ ഒഴുകുകയാണ് അതിരുകളില്ലാതെ, കൈവഴികളായി, തെളിനീരോഴുക്കി,ഒഴുകുന്നയിടങ്ങളിലൊക്കെ നനവ് പകർന്ന് കുളിപ്പിച്ച്, കുളിർപ്പിച്ച്, മുകുളങ്ങൾക്ക് കരുത്ത് പാകി ഹരിതാഭയണിയിച്ച്ചുറ്റിലും സമൃദ്ധി ചൊരിഞ്ഞ്,

സംഗീതംപോലെഒഴുകി.......അങ്ങനെയങ്ങനെ...........അതുകൊണ്ട് തന്നയാണല്ലോ പുഴ വറ്റുമ്പോൾ,കൂടുതൽ കണ്ണുകൾ നിറഞ്ഞൊഴുകുന്നത്.....

# *MATHEMATICS*

LIFE IS A MATHEMATICS,
SOLVE IT SERIOUSLY

ADD YOUR THOUGHTS
SUBTRACT YOUR SORROWS

MULTIPLY YOUR ACTIVENESS
DIVIDE YOUR LAZINESS
QUOTIENT WILL BE HAPPINESS
REMAINDER WILL BE ENJOYMENT!

DO IT WISELY AND HENCE
LIFE IS A MATHEMATICS
SOLVE YOUR SORROWS

RANIYA PK
8 G

# മൊബൈലും ആധുനികസമൂഹവും

*ഇന്നത്തെ സമൂഹത്തിലെ ഒരു പ്രധാനഘടകമാണ് മൊബൈലുകൾ . ഇന്ന് പണ്ടുകാലങ്ങളിലെപ്പോലെ കളികളോ പുസ്തക വായനയോ ഒന്നുമല്ല ഫോണാണ് എല്ലാം. ഇന്ന് കൊച്ചുകുഞ്ഞുങ്ങളുടെ കൈയ്യിൽവരെ മൊബൈലുകളാണ്. മുതിർന്നവരേക്കാൾ അതിലുള്ള ഓരോ കാര്യങ്ങളും ഒരുപക്ഷേ കുട്ടികൾക്കറിയാം. മൊബൈൽ നല്ലതുമാണ് മറുവശം നോക്കിയാൽ അത് നല്ലതല്ലാത്തതുമാണ്.*

*പഠനകാര്യങ്ങൾക്കോ വിളിക്കാനോ ചെറിയ സമയം പോക്കുകൾക്കോ ഒക്കെ ഫോൺ ഉപയോഗിക്കുന്നത് തെറ്റല്ല. പക്ഷേ എല്ലായ്പ്പാഴും അതിൽ കളിച്ച് കളിച്ച് അതില്ലാതെ ജീവിക്കാൻ പറ്റില്ല എന്ന ഒരു അവസ്ഥ ഉണ്ടാകും അഥവാ അതിന് അടിമപ്പെടുക എന്നും പറയാം . അതിനാൽ പല കുഴപ്പങ്ങളിൽ ചെന്ന് ചാടുന്നവരുമുണ്ട്. അങ്ങനെ എത്രയെത്ര കാര്യങ്ങൾ നമ്മുടെ അറിവിൽ ഉണ്ട് . അത് നോക്കിയാൽ മൊബൈൽ നല്ലതുമല്ല.ഇങ്ങനെ മൊബൈലിനെ നല്ലതെന്നും നല്ലതല്ലാത്തതെന്നും പറയാം. പണ്ട് യാത്രപോകുമ്പാഴൊക്കെ സമയം പോകാനായി പരസ്പരം സംസാരിക്കുകയോ പുസ്തകം വായിക്കുകയോ ഒക്കെയാണ് ചെയ്യിരുന്നത്.*

എന്നാൽ ഇന്ന്
ഫോണുകളെയാണ് സമയം
കളയാനായി
ആശ്രയിക്കുന്നത്.

ഇന്ന് മൊബൈലുകളിൽ
ഇന്റർനെറ്റ് ടെക്നോളജി
ആയതിനാൽ സ്വയം
ജോലികൾ
ചെയ്യുന്നതിനുപകരം അവർ
അതിനെ ആശ്രയിക്കുന്നു.
നമ്മുടെ സമൂഹം എറെ
മാറിയിരിക്കുന്നു. ആധുനിക
സമൂഹത്തിൽ ഫോണിനും
ഇന്റർനെറ്റിനുമൊക്കെയാണ്
എറെ സ്ഥാനം .
അങ്ങനെയാവരുത്
അതിനെക്കാൾ
ഉപയോഗപ്രദമായ
പലതിനെയും നമ്മൾ
തിരിച്ചറിയുന്നില്ല. സമൂഹം
മാറിക്കൊണ്ടിരിക്കുന്നു.
കണ്ടെത്തലുകൾ വർദ്ധിച്ചു
വരുന്നതോടൊപ്പം
പ്രശ്നങ്ങളും
വർദ്ധിച്ചുകൊണ്ടേയിരിക്കു
ന്നു.

മൊബൈലുകൾ മനുഷ്യർക്ക്
പല കാര്യങ്ങൾക്കും
ഉപകാരപ്രദമാണ്.അത്
ദുരുപയോഗം
ചെയ്യാനുള്ളതല്ല.അത്
ആവശ്യങ്ങൾക്ക് മാത്രം
ഉപയോഗിക്കാനുള്ളതാണ്
അല്ലെങ്കിൽ ഇനിയും പല
വിപത്തുകൾ
കാണേണ്ടിവരും

Anamika A.R
8 F

# വാർദ്ധ്യകം വന്നാൽ

എൻമക്കൾക്ക് ഞാൻ ഭാരമാവാതിരിക്കുവാൻ
വീടൊന്നുമാത്രം ഞാൻ ബാക്കിയാക്കി
ഈയിടെ ഇവിടം യോഗം നടക്കുന്നു
ചർച്ചകൾ പലതും നടന്നിടുന്നു
ചർച്ചയിൽ നല്ല പരസ്യം പറയുന്നു
മകൾ മരുമക്കൾ വാശിയോടെ
കൊച്ചിയിലുണ്ട് വാർദ്ധക്യസദനമിപ്പോ
കോഴിക്കോടുണ്ട് സേവാസദനം
കാര്യമെനിക്ക് മനസിലായി എന്റെ  മക്കളെന്നെ
**എങ്ങോ ഇയാൻ വിമ്പുന്ന** മക്കൾ തളർച്ചയോടൊന്നു
ഞാൻ ചാരിക്കിടക്കവേ ചാരു കസേരക്ക് മറുമുറുപ്പ്
അറിയാതെ ഉപേക്ഷിച്ച് യൗവന
ജീവിത കാലത്തെയും.......
അവളെളൊത്തു കഴിയേണ്ട യൗവനജീവിതം
മരുഭൂമിയിൽ ഞാനും നഷ്ടമാക്കി
പരിഭവ ദുഃഖ പരിജനങ്ങളും പലതും
പറഞ്ഞുകരഞ്ഞവളുംഎന്നേ സ്നേഹിച്ചവൾ എല്ലാം
സഹിച്ചവൾ എന്നെ തനിച്ചാക്കി യാത്രയായി............

നഫീസത്തുൽ മിസ്രില്ല

# വിട

താളം തെറ്റിയ വാക്കുകൾ
തണുപ്പുള്ള വേദനകൾ സമ്മാനിച്ച
അധ്യാപകർക്ക് ...
ആശംസകളും ആശ്വാസവുമായി
തോളിൽ സ്നേഹക്കൈ വച്ച
സുഹൃർത്തുക്കൾക്ക്....
ബെല്ലടിക്കാനും
ഉച്ചകഞ്ഞിയുടെ കണക്കെടുക്കാനും
ഓടിനടക്കുമ്പോഴും
പുഞ്ചിരി മറക്കാത്ത പ്യൂൺ ചേച്ചിക്ക്
വിശക്കുന്ന ചോറ്റുപാത്രത്തിലേക്ക്
സ്വാദേറിയ ഓർമ്മകൾ വിളമ്പിതന്ന
കഞ്ഞിപ്പുരയിലെ ആയമാർക്ക്...
കോമ്പസ് കൊണ്ട് കുത്തിനോവിച്ചപ്പോഴും
നിലവിളിക്കാത്ത ഒരാണ്ട് മുഴുവൻ ഭാരവും
പേറിയിരുന്ന ബെഞ്ചിന് ,
ടീച്ചർ കാണാതെയൊളിപ്പിച്ച
കളിപ്പാട്ടങ്ങളുടെ ഭാരം ചുമന്ന ബാഗിന്
അറിവിന്റെ ജാലകം തുറന്ന ആ ഗോപുരത്തിന്

എന്റെ വിട.....

# <u>ഭൂമി</u>

**ആകാശഗംഗയിൽ ജീവൻ വസിക്കുന്ന**
**ഏകഗ്രഹമാണ് ഭൂമി**

**ജലവുമാകാശവും ദ്രുമവുമി സസ്യവും**
**രമ്യമീ നമ്മുടെ ഭൂമി**

**ശലഭങ്ങൾ <u>തുമ്പികൾ</u> വനജന്തുജാലങ്ങൾ**
**പുഴകൾ കുളങ്ങൾ കടലും**

**മഴയും വെയിലുമീ മേഘവുംമിന്നലും**
**മഴവില്ലുമിവിടുത്തെ ഭംഗി**

**ഭൂമിയാൽ സൃഷ്ടിച്ച മാനവൻ മാത്രമീ**
**ഭൂമിക്കതെന്നുമഭംഗി**

**വെട്ടുന്നു വൃക്ഷങ്ങൾ പാറകൾ പൊട്ടിച്ചു**
**വിൽക്കന്നിടിച്ച മനുഷ്യർ**

***(അനുവിന്ദൻ.ടി)***



# Koel

when wisps of white
sail across the sky
when the breeze blows warm
and the days grow long
from somewhere in the distance
you can hear my song
coo-ooo, coo-ooo, coo-ooo
when mangoes ripen
in the dark green trees
and hovering around
are busy buzzy bees
right over the wall
you can hear my call
coo-ooo, coo-ooo, coo-ooo
when plump wild figs
go squish under your feet
and juicy red apples
are munched by parakeets

# *MISTAKES*

*If a tailor makes a mistake*
*It's a new style*

*If a driver makes a mistake*
*It's a new fate*

*If a engineer makes a mistake*
*It's a new architecture*

*If a scientist makes a mistake*
*It's a new discovery*

*If a chemist makes a mistake*
*It's a new drug*

*If a teacher makes a mistake*
*It's a new topic*

*If a student makes a mistake*
*Why it always remains as a mistake ?*

*( sooraj )*

# *MY MOTHER*

She is a petal
in the world of stones,
She is breeze
in the air of storms,

She is a song
in the world of shouts ,
She is a foam
in the sea of waves,

She is a dove
in the sky of vultures,
She is a fairy
in the night of witches,

She is a lamp
in the wood of wolves
Sometimes she becomes a dragon
yet .... she is an ***angel***

***midhuna manoj***

## പൈങ്കിളിയോട്

പൈങ്കിളിപ്പെണ്ണേ.....കണ്ടിട്ടറിഞ്ഞില്ല
നിൻ കോലമാകെ മാറിപ്പോയി
ആരോഗ്യമെങ്ങ്,അഴകെങ്ങ്
നിൻ ആരും കൊതിക്കുന്ന മേനിയെങ്ങുപ്പോയ്!

വർണ്ണപ്പൊലിമയും കണ്ണിൻ കാന്തിയും
വെറ്റില ചവച്ചനിൻ ചുണ്ടുകളും
അന്നത്തെ രൂപവും ഭാവവും
അന്നത്തെ ചന്തവുമെങ്ങുപ്പോയ്!

ആകാശം മുട്ടെ പാറി നടന്നതും
അമ്പരത്തിൽ നിൻ ലോകം സൃഷ്ടിച്ചതും
ഓർമ്മയില്ലയോ, നീ പാടി പാടി
നാടാകെ പാറി നടന്ന കാലം

പണ്ട് കാട്ടുപ്പൂഞ്ചോലയൊഴുകിയ
ചോന്നച്ചുണ്ടിൻ പാട്ടുകൾ എങ്ങുപ്പോയ്,
ചങ്ങാതീ..... കണ്ടിട്ടറിഞ്ഞില്ല,നിന്നഴകെങ്ങനെ
വാടിക്കരിഞ്ഞുപ്പോയ് ?

Nandhana
9C

# ***Quotes***

"ഇരുട്ടെന്ന ഒന്നില്ല അജ്ഞതയല്ലാതെ"-

ഷേക്സ്പിയർ

"എന്തെങ്കിലും കിട്ടാൻ വേണ്ടിയുള്ള

പ്രാർത്ഥനപോലും ഒട്ടും

പ്രാർത്ഥിക്കാത്തതിനേക്കാൾ നല്ലതാണ് "-

സ്വാമി

വിവേകാനന്ദൻ

"പഴം തിന്നുന്ന മനുഷ്യൻ വിത്ത്

കുഴിച്ചിടുകയെങ്കിലും വേണം"-

തോറോ

"സത്യം സ്വയം വെളിപ്പെടുന്നതാണ

്,അജ്ഞതയുടെ

ചിലന്തിവലകൾ തുടച്ചുനീക്കുമ്പാൾ അത്

തനിയേ തെളിയുന്നു"-

മഹാത്മാഗാന്ധി

"പരാജയത്തിന്റെ അരികിൽ എത്തുമ്പോഴാണ്

ഒരു നായകൻ പിറക്കുന്നത്. അതിനാൽ

വിജയത്തെ ഉജ്ജ്വലമായ ഒരു കൂട്ടം

പരാജയങ്ങളായി വർണ്ണിക്കാം"-

മഹാത്മാഗാന്ധി

Anamika. A.R
*8.F*

## Tongue twisters

ഒളരിയിലെ മുരളി കളരി പഠിച്ചു

ആന അലറലോടലറൽ

തച്ചൻ ചത്ത തച്ചത്തി ഒരു തടിച്ചി തച്ചത്തി

രാമമൂർത്തിയുടെ മൂത്ത പുത്രൻ കൃഷ്ണമൂർത്തി

പത്ത് തത്ത ചത്തു ചത്ത തത്ത പച്ച

അരയാലരയാൽ ആലരയാലീ പേരാലരയാലൂരലയാൽ

തത്തമംഗലത്ത് പത്തു പച്ച തത്ത ചത്തു മുളച്ചു

മുറിയിലറയിലുരുളിയിലുരിപ്പാല്

ഉരുളിയിൽ ഉരുളുന്ന കുരുമിളക്

Buy a big blue bulb and a big red bulb

She saw a sea shell in shore

സൈക്കിൾ റാലി പോലെ നല്ല ലോറി റാലി

തണ്ടുരുളും തടിയുരുളും തണ്ടിൻമേലൊരു ചെറുനരികുരുമുളകുരുളും

അരുതരുതുകുതിരേ മുതിരരുത് കുതിരേ

അതിരിലിരിക്കുന്നമുതിര തിന്നാൻ മുതിരരുത് കുതിരേ

Aiswarya.K

Abijith.K.K

*8.F*

# തേന്മാവ്

മാമ്പഴം വീഴുന്ന കാലമായി
മാഞ്ചോട്ടിൽ കുഞ്ഞുങ്ങൾ കൂട്ടമായി
കാറ്റൊന്നു വീശിയാൽ ഭാഗ്യമായി
മാമ്പഴം കിട്ടാനോട്ടമായി.

അപ്പൂപ്പൻ തൈമാവ് നട്ടതാണേ !
അമ്മൂമ്മ വെള്ളമൊഴിച്ചതാണേ !
അമ്മ പണ്ടിങ്ങ് കളിച്ചതാണേ !
മാമ്പഴമെത്രയോ തിന്നതാണേ !

വെയിലത്തു പന്തലായ് നിന്നതും നീ
അരികത്തു തേൻപഴം തന്നതും നീ
ഇനിയത്ര കാലവും നില്ക്കണേ നീ
കനിവിന്റെ കനിയെന്നും നൽകണേ നീ.

Ardra

# RAIN

The rain is raining all around
It falls on fields &trees
It rains on the umbrellas here
And on the ships at the sea

# Materiality

The darkness of the world
has made me alone
when the soul of my
life has gone

In my life my spirit was my mother
And my soul is my mother
my mother,s memory give me tears
but I,ll be with her in the heaven of god

she is like a sun
who give love to all
oh!my mother you-
are the sea full of
love which never ends
In my life she is all and all

# GHS PAZHAYANUR LITTLE KITES 2018 -19

